**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1129   06.02.2020 ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിലെ കോൺട്രാക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ് | | ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | നിർമ്മാണം പൂർത്തിയാക്കിയ ഭൂരിപക്ഷം ജോലികളുടെയും തുക ലഭിക്കാത്തത് മൂലം ടെണ്ടറുകൾ ബഹിഷ്കരിക്കുവാൻ കോൺട്രാക്ടർമാർ തീരുമാനിച്ചിട്ടുണ്ടോ; | എ) | പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ടെണ്ടറുകളിൽ കരാറുകാർ ടെണ്ടർ ബഹിഷ്കരണം നടത്തിയിട്ടില്ല. |
| ബി) | പൊതുമരാമത്ത് വകുപ്പിൽ നിന്നുമാത്രം കോൺട്രാക്ടർമാർക്ക് നിലവിൽ എത്ര കോടി രൂപ കുടിശ്ശികയുണ്ട്; | ബി) | പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക ചുവടെ ചേർക്കും പ്രകാരമാണ്.<br>1. നിരത്തുകളും പാലങ്ങളും -1154,93,00,000/-രൂപ<br>2. കെട്ടിട വിഭാഗം - 370,10,05,890/-രൂപ<br>3. ദേശീയപാത വിഭാഗം - 12,75,82,759/- രൂപ |
| സി) | കെട്ടിട നിർമ്മാണ പ്രവർത്തികൾക്ക് രണ്ട് വർഷമായിരുന്ന സെക്യൂരിറ്റി കാലാവധി അഞ്ച് വർഷമായി ഉയർത്തിയിട്ടുണ്ടോ; | സി) | കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ സെക്യൂരിറ്റി കാലാവധി 25.11.2019 ലെ ജി ഒ (പി) നം 161/2019/ഫിൻ പ്രകാരം അഞ്ച് വർഷമായി ഉയർത്തിയിട്ടുണ്ട്. |
| ഡി) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പോലുള്ള വൻകിട കരാറുകാർക്ക് ടെൻഡറില്ലാതെ കരാറുകൾ നൽകാറുണ്ടോ; എങ്കിൽ ഈ സർക്കാർ നിലവിൽ വന്ന ശേഷം പ്രസ്തുത ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് നൽകിയ പ്രവർത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവർത്തിയുടെയും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കുമോ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് ടെണ്ടറില്ലാതെ നൽകിയ പ്രവൃത്തികൾ<br>പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം -LAC ADS – Improvements to Flood Bank Road in Kakkodi Panchayath Kozhikode District – Estimate amount Rs.160 Lakhs<br>ദേശീയപത വിഭാഗം - ദേശീയപാത 766 താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തിയുടെ പുനർനിർമ്മാണം - 1.86 കോടി രൂപ. |

സെക്ഷൻ ഓഫീസർ